| | | | |
|---|---|---|---|
| | | | ലാഭത്തിലും പുരോഗതി കൈവരിക്കുവാൻ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്കുകൾ അതാത് സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ അടിസ്ഥാനപ്പെടുത്തിയാണ് കണക്കാക്കിവരുന്നത്. കമ്പനികളുടെ നിയന്ത്രണത്തിൽ അല്ലാതെ ഉൽപാദന ചെലവുകളിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിൽ മൂലവും, അനാരോഗ്യ ഇറക്കുമതി നയം പോലെ വിപണനത്തിൽ നേരിടുന്ന പ്രതിസന്ധികൾ മൂലവും ചില സാമ്പത്തിക വർഷങ്ങളിൽ പ്രവർത്തനം മോശമാകുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ അസംസ്കൃത വസ്തുക്കളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനും ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശാസ്ത്ര സാങ്കേതിക മേഖലകളിലെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഉത്പാദന സംവിധാനങ്ങളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾകൊണ്ട് ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള ആധുനികവത്ക്കരണ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളിലെ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നത് ഉൾപ്പെടെയുള്ള വിവിധ ഇടപാടുകൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായ ഇ-പ്രൊക്യൂർമെൻറ് സംവിധാനം നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ മുഖേന 2013 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങളിലെ ധന ക്രയവിക്രയങ്ങൾ നടത്തുന്നതിനായി ഇലക്ട്രോണിക് ബാങ്കിങ് സംവിധാനം നടപ്പിലാക്കുകയും മറ്റ ഓഫീസ് നടപടിക്രമങ്ങളും ഇലക്ട്രോണിക് സംവിധാനം മുഖേന നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രവർത്തന മേഖലകളെ സംയോജിപ്പിക്കുന്നതിനും നടപടികളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും Enterprise Resource Planning (ERP) ഉൾപ്പെടെയുള്ള ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>അസംസ്കൃത വസ്തുക്കളുടെ സംഭരണത്തിൽ പ്രയാസം നേരിടുന്ന സ്ഥാപനങ്ങളിൽ ആവശ്യമായ സഹായം |

